II ഇ.ബി.XIV-കേരള നിയമസഭ/X-5

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 6, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*121) സ്വാഭാവിക റബ്ബറിന്റെ വില

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്നതിനും റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 200/- രൂപയായി വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ അധിക സഹായം നൽകുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉൽപ്പാദക ബോണസ് ഇനത്തിൽ 500 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും 191.9 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുമുണ്ട്. തെക്കൻ സംസ്ഥാനങ്ങളിലെ കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി കേന്ദ്രസർക്കാർ വിളിച്ച് ചേർത്ത യോഗത്തിൽ ഉല്പാദന

ചെലവിന്റെ 150 ശതമാനം താങ്ങുവില പ്രഖ്യാപിക്കണമെന്നും റബ്ബറിനെ കാർഷിക ഉൽപ്പന്നമാക്കി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്ലി ഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനായി വിവിധ ഇടവിള കൃഷികൾക്കായി 4 കോടി രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്നും റബ്ബറിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതതല സമിതി രൂപീകരിച്ച് കെ.എസ്.ഐ.ഡി.സി.യെ നോഡൽ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11 (*122 & *135) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അഞ്ചാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും തനത് ഫണ്ട് അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് യഥേഷ്ടം വിനിയോഗിക്കാവുന്നതാണെന്നും നികുതി പിരിച്ചെടുക്കാൻ ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മന്ത്രി വ്യക്തമാക്കി. 2017-18 സാമ്പത്തിക വർഷം വസ്തു നികുതി പിരിവിൽ സംസ്ഥാനതല ശരാശരി 63 ശതമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാപ് ഫണ്ട് നൽകുന്നുണ്ട്. 60 $M^2$ താഴെയുള്ള കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയതുമൂലം വസ്തുനികുതി ഡിമാന്റിൽ ഗണ്യമായ കുറവ് വരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ചുരുങ്ങുന്നതിനും ഇടയായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും 01-04-2018-ൽ

പുതിയ വസ്തുനികുതി പരിഷ്കരണം നിലവിൽ വരേണ്ടതിനാൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണ്ണയിക്കുന്ന നിലവിലെ 11 സ്ലാബുകൾ വർദ്ധിപ്പിച്ച് അധികമായി സ്ലാബുകൾ ചേർക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് വരികയാണെന്നും മന്ത്രി വ്യക്തമാക്കി. കെട്ടിട നികുതി വർഷം തോറും 5 ശതമാനം വർദ്ധിപ്പിക്കണമെന്ന 5-ാം ധനകാര്യ കമ്മീഷൻ ശിപാർശ ധനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്മേൽ തീരുമാനമെടുത്തിട്ടില്ല. നികുതി നിശ്ചയിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് തീവ്രമായ പരിശ്രമം നടത്തിവരികയാണ്. ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ 600 തേർഡ് ഗ്രേഡ് ഓവർസിയർമാരെയും ആവശ്യമായ എഞ്ചിനീയർമാരെയും പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ എന്റർടെയ്ൻമെന്റ് ടാക്സ് ഇനത്തിൽ ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നിട്ടുണ്ടെന്നും 2018-19-ലെ ബഡ്ജറ്റിൽ ഈ കുറവ് നികത്തുന്നതിനുവേണ്ടി 133 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും യഥാസമയം നികുതി പിരിച്ചെടുക്കാൻ സാധിച്ചാൽ നികുതി വരുമാനവും ഭരണ ചെലവും ഒരുപോലെ കൊണ്ടുപോകാൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു. നിർമ്മാണ മേഖലയിലുണ്ടായിരുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ

മുന്നോട്ടുപോകുന്നതെന്നും ഇവയ്ക്ക് സാമ്പത്തിക സ്വാതന്ത്ര്യം നൽകുന്നതിന് ഭരണഘടനാപരമായ ബുദ്ധിമുട്ടുണ്ടെന്നും അധികാരവികേന്ദ്രീകരണത്തിനും എല്ലാ വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനുമാണ് സർക്കാർ ശ്രമിക്കുന്നതെന്നും ലൈഫ് ഭവന പദ്ധതിക്കായി 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും 3000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുകളുടെ നികുതി സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*123) <u>പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, പൊതുഗതാഗതം സുഗമമാക്കുന്നതിനായി സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. 5000 ത്തിലധികവും സ്വകാര്യ മേഖലയിൽ 13000 ത്തിലധികവും സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി പുഷ്ബാക്ക് സീറ്റുകളോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കാവുന്ന തരത്തിൽ മിന്നൽ സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും നടത്തുന്നുണ്ട്. 688 ബസ്സുകൾ പുതിയതായി നിരത്തിലിറക്കുകയും കിഫ്ബിയിൽ ഉൾപ്പെടുത്തി 900 ബസ്സുകൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നു. മെട്രോയുമായി ബന്ധിപ്പിച്ചുകൊണ്ട് point-to-point

സ്പെഷ്യൽ ഓട്ടോ സർവ്വീസും നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രൊഫസർ സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണെന്നും സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ കുടിശ്ശിക വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും വിവിധ തരത്തിലുള്ള ധനസഹായം സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരള വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ 55 സർവ്വീസുകൾ നടത്തുന്നതോടൊപ്പം സോളാർ ബോട്ടുകൾ വാങ്ങാനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. പരിസ്ഥിതി സൗഹൃദ ഇ-ഓട്ടോകൾക്ക് പെർമിറ്റ് നൽകുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ) യിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കെ.ടി.ഡി.എഫ്.സി. പണിത കമേഴ്സ്യൽ കോംപ്ലക്സുകൾ ഫലപ്രദമായി ഉപയോഗിക്കാൻ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1218 മുതൽ 1540 വരെയുള്ള ചോദ്യങ്ങളിൽ 62 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)